(സി) മൾട്ടി പർപ്പസ് ജലസേചന പദ്ധതിയുടെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വാമനപുരം ജലസേചന പദ്ധതിയും മൂന്നാംകടവ് ജലസേചന പദ്ധതിയും മൾട്ടി പർപ്പസ് പദ്ധതിയാക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തി വരികയാണ്. ഇതിൻമേൽ തീരുമാനം ഒന്നുമായിട്ടില്ല.

വൻകിട-ചെറുകിട ജലസേചന പദ്ധതികൾ

40 [3180] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ കോടിയേരി ബാലകൃഷ്ണൻ:
„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തീകരിച്ച വൻകിട ചെറുകിട ജലസേചന പദ്ധതികളുടെ ലക്ഷ്യം മൊത്തത്തിൽ കൈവരിക്കാതെ പോയ ഏതെങ്കിലും കേസ്സുകളുണ്ടോ; എങ്കിൽ അവയെ സംബന്ധിച്ച് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വൻകിട ചെറുകിട ജലസേചന പദ്ധതികളുടെ പണിയാണ് വളരെക്കാലമായി മുടങ്ങിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ പദ്ധതിയും ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണ്; മുടങ്ങിപ്പോയ പദ്ധതികൾ ഓരോന്നിനും ഇതിനകം എന്തു തുക വീതം ചെലവഴിക്കുകയുണ്ടായി?

ഉത്തരം

(എ) ഇത്തരം കേസ്സുകൾ ഒന്നും ഇല്ല.

(ബി, സി) അട്ടപ്പാടിവാലി ജലസേചന പദ്ധതിയും ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവുമാണ് മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ. അട്ടപ്പാടിവാലി പദ്ധതി പുനഃരാരംഭിക്കുവാൻ തീരുമാനിക്കുകയും 1999-ൽ ഈ പദ്ധതിക്ക് ഒരു ഡിവിഷൻ അനുവദിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് നാളിതുവരെ 850.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചമ്രവട്ടം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഒരു അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്ററിന് നാളിതുവരെ 374.46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഒഴികെയുള്ള കേരളത്തിലെ മുടങ്ങിക്കിടക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ അവയുടെ ഇപ്പോഴത്തെ അവസ്ഥ, ഓരോന്നിനും ഇതിനകം ചെലവഴിച്ച തുക മുതലായവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† കൊല്ലം ജില്ലയിലെ മുടങ്ങിക്കിടക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly